# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/626/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 01/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/626/22 തീയ്യതി: 01/06/2022

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2020 മുതൽ 10-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 29-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-04-2022 | 29-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബാബു ജോസഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സുരേഷ്ബാബു. കെ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റെജി പി മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. മഞ്ജുള. പി. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 18-07-2019 |
| ശ്രീമതി. സിനി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2019 | 31-03-2020 |
| ശ്രീമതി. രാജേഷ് കൃഷ്ണൻ. ആർ. കെ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. തസ്ലിം. ടി. പി. | വി.ഇ.ഒ. മുഴക്കുന്ന് | 01-04-2019 | 04-11-2019 |
| ശ്രീ. ഷാജീവൻ. പി. | വി.ഇ.ഒ. മുഴക്കുന്ന് | 05-11-2019 | 31-03-2020 |
| ഡോ. പി.വി. പ്രശാന്ത്. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ. അനീഷ് കുമാർ. കെ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 14-09-2019 |
| ഡോ. ലിഷ മോൾ. കെ. എസ്. | മെഡിക്കൽ ഓഫീസർ ആയുർവേദം | 15-09-2019 | 31-03-2020 |
| ഡോ. മനോജ്. ഇ. പി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ. മനോജ്. ടി. ജി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-06-2019 | 31-03-2020 |
| ഡോ. എസ്. സാരഥി. | വെറ്റിനറി സർജൻ | 01-04-2019 | 23-09-2019 |
| ഡോ. സിന്ധു. വി. ആർ. | വെറ്റിനറി സർജൻ | 24-09-2019 | 31-03-2020 |
| ശ്രീമതി. ഗീതാകുമാരി. വി. ജി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ഉസ്മാൻ പള്ളിപ്പാത്ത് | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-05-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Sreeja.K (Auditor, On 02-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 05-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 06-05-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 06-05-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Sreeja.K (Auditor, On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 06-05-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-10 |
| 13 | ആസ്തി സംരക്ഷണം<br>Written By: Vipina Valsaraj (Senior Grade Auditor, On 30-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-11 |
| 14 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-12 |
| 15 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-13 |
| 16 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-14 |
| 17 | ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഗ്രാമ പഞ്ചായത്തിന് | 1-15 |

| | | |
|---|---|---|
| | തിരികെ ലഭിച്ചില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 30-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | |
| 18 | എസ്.എസ്.എ. വിഹിതം നൽകൽ-വിനിയോഗവിവരങ്ങൾ ഇല്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-16 |
| 19 | IKM ന് തുക നൽകൽ - കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല<br>Written By: Jyothish Kumar (Audit Officer (HG), On 03-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-17 |
| 20 | തേനീച്ച വളർത്തൽ അപാകങ്ങൾ ₹26400 തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 29-04-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-18 |
| 21 | കുള്ളൻ തെങ്ങിൻ തൈ വിതരണം -അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 29-04-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-19 |
| 22 | കൃഷി-വിതരണ രേഖകളില്ല - ₹95500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 29-04-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-20 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-21 |
| 24 | ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ/സ്പോർട്സ് കിറ്റ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹40,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-22 |
| 25 | ഡെസ്ക് ടോപ് കംപ്യൂട്ടർ-കെൽട്രോണിന് അധിക തുക നൽകി<br>Written By: Vipina Valsaraj (Senior Grade Auditor, On 30-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-23 |
| 26 | ലാപ് ടോപ് വിതരണം അപാകം<br>Written By: Vipina Valsaraj (Senior Grade Auditor, On 29-04-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-24 |
| 27 | പട്ടികജാതി ജാതി പട്ടിക വർഗ്ഗ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 30-04-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-25 |
| 28 | പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്ന് വാങ്ങുന്നില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-26 |
| 29 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ-സുതാര്യത ഉറപ്പുവരുത്തിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 04-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-27 |
| 30 | ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകൽ - തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാകാത്തതിനാൽ ₹7750യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-28 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയർ -ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 30-04-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 1-29 |
| 32 | പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്യുന്നില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 30-04-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | |
| 33 | മരാമത്ത് പ്രോജക്ടുകൾ അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 18-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT AND PAYMENT STATEMENT | |
| 4 | INCOME AND EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2019-20 ലെ ബജറ്റ് 16-2-2019 ലെ 45/2019 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17530713 |
| വരവ് | 147678300 |
| ആകെ | 165209013 |
| ചെലവ് | 158495100 |
| നീക്കിയിരിപ്പ് | 6713913 |

### 1-1-1 പുതുക്കിയ ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ പുതുക്കിയ ബജറ്റ് 27-2-2020 ലെ 30/2020 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17530713 |
| വരവ് | 147176300 |
| ആകെ | 164707013 |
| ചെലവ് | 155703100 |
| നീക്കിയിരിപ്പ് | 9003913 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 11-06-2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. വസ്തുനികുതി : വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻ വർഷ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| ഡിമാന്റ് | ₹2769340 | ₹2767694 |
| കലക്ഷൻ | ₹2364516 | ₹2386904 |
| ബാലൻസ് | ₹376270<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ₹374925<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

2. വസ്തുനികതി കുടിശ്ശിക : വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ബാലൻസ് തുക സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| ബാലൻസ് | ₹51170<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ₹51301<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

3. ദുരിതാശ്വാസ നിധി-B2 Schedule പ്രകാരമുള്ള തുക (₹39388) B17 Schedule പ്രകാരമുള്ള തുകയുമായി (₹40824) പൊരുത്തപ്പെടുന്നില്ല.

4. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. .

5. B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350300103 ൽ

₹74031 യും കോഡ് നമ്പർ 350200202 ൽ ₹26895 യും നീക്കിയിരിപ്പുണ്ട്. സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

6. B9 ഷെഡ്യൂളിൽ അദർ ലയബിലിറ്റി എന്ന ഹെഡിൽ ചേർത്ത ₹2748615 ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

7. B-11 Schedule ന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. B-12 ഷെഡ്യൂൾ പ്രകാരമുള്ള ഇൻവെസ്റ്റ്മെന്റ്-ഫിക്സഡ് ഡെപ്പോസിറ്റ് തുക (₹5425000) ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയുമായി (₹5426164) പൊരുത്തപ്പെടുന്നില്ല.

9. KURDFC-ലോൺ : ലോൺ രജിസ്റ്റർ പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | ലോൺ രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വരവ് | ₹4863473 | ₹12663473 |
| ചെലവ് | ₹1279412 | 0 |
| നീക്കിയിരിപ്പ് | ₹15940558 | ₹12663473 |

10. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11. വികസന ഫണ്ട് - എസ്.സി.പി, വികസന ഫണ്ട് - പൊതുവിഭാഗം എന്നിവയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക ഒടുക്കുന്നതിനായും അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനായും ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി ഉൾപ്പെടുത്തി വരവ്, ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

12. B-15 Schedule പ്രകാരം Profession Tax -Traders ഇനത്തിൽ ₹84620 കുടിശ്ശികയുണ്ട്. തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

13. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3), (4) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

14. ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക (RP-36)പ്രകാരമുള്ള തുകയും (₹120628) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹121582) പൊരുത്തപ്പെടുന്നില്ല.

15. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, മാർക്കറ്റ് ഫീ എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

16. ബിൽഡിംഗ് പെർമിറ്റ് ഫീ, വാടക, തൊഴിൽ നികുതി എന്നീ രജിസ്റ്ററുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹84992 വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

18. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

19. B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

20. ബ്ലോക്ക്പഞ്ചായത്ത് വിഹിതം, ജില്ല പഞ്ചായത്ത് വിഹിതം : സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സുലേഖ ചെലവ് പത്രിക പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1975206 | 1770000 |
| ജില്ല പഞ്ചായത്ത് വിഹിതം | 3592934 | 3649901 |

21. MGNREGS വരവ് ₹4971160 (Income-I-6), ചെലവ് ₹5030282 (Expenditure I-14(a)) എന്നിവ ലഭ്യമാക്കിയ കണക്കുമായി (ഖണ്ഡിക 1-6) പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 25883955 |
| വരവ് | 51302855 |
| ആകെ | 77186810 |
| ചെലവ് | 47421468 |
| നീക്കിയിരിപ്പ് | 29765342 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 169650 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11851000 | 11851000 | 10676037 | 1174963 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 612000 | 612000 | 163280 | 448720 |
| വികസന ഫണ്ട്-'ടി എസ് പി | 0 | 2707000 | 2707000 | 297351 | 2409649 |
| മെയിന്റനൻസ്, റോഡ് | 0 | 6191000 | 6191000 | 2077123 | 4113877 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3780000 | 3780000 | 1273229 | 2506771 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9059233 | 9059233 | 2062882 | 6996351 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 440887 | 627359 | 1068246 | 789253 | 278993 |
| എസ്എസ് എ | 532487 | 20926 | 553413 | 0 | 553413 |
| ടി എസ് സി | 229721 | 0 | 229721 | 164400 | 65321 |
| പൈക്ക | 20193 | 808 | 21001 | 0 | 21001 |
| എം എൻ ആർ ഇ ജി എസ് | 17037 | 4959877 | 4976914 | 4971160 | 5754 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 7498 | 294 | 7792 | 0 | 7792 |
| കേരളോത്സവം | 20000 | 0 | 20000 | 20000 | 0 |
| കുടിവെള്ള പദ്ധതി | 84829 | 0 | 84829 | 0 | 84829 |
| ശുചിത്വ മിഷൻ | 2807597 | 0 | 2807597 | 1820000 | 987597 |
| അംഗൻവാടികളിൽ നെയിംബോർഡ് | 133945 | 0 | 133945 | 0 | 133945 |
| വിമുക്തി | 37500 | 0 | 37500 | 0 | 37500 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് – വെൽഫെയർ ബോഡീസ് | 6204 | 441 | 6645 | 0 | 6645 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 195 | 77849675 | 89 | 35116162 | 5 | 106 | 43.08 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 24 | 11 | 4127081 | 1366553 | 33.11 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 3 | 1393700 | 128980 | 9.25 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 34 | 27155119 | 7407744 | 27.28 |
| 4 | കൃഷി ഓഫീസർ | 14 | 9 | 2018151 | 866213 | 42.92 |
| 5 | വി.ഇ.ഒ. മുഴക്കുന്ന് | 17 | 9 | 30039575 | 18576626 | 61.84 |
| 6 | മെഡിക്കൽ ഓഫീസർ PHC | 7 | 3 | 1454949 | 554945 | 38.14 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 430000 | 425000 | 98.84 |

| | | | | | | |
|---|---|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| 9 | വെറ്റിനറി സർജൻ | 9 | 5 | 5388000 | 876515 | 16.27 |
| 10 | ICDS സൂപ്പർവൈസർ | 5 | 2 | 3972600 | 3592564 | 90.43 |
| 11 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 15 | 10 | 1570500 | 1021022 | 65.01 |
| | ആകെ | 195 | 89 | 77849675 | 35116162 | 45.11 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17037 | 1020868 | 1037905 | 1032151 | 5754 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 3939009 | 3939009 | 3939009 | - |
| ആകെ | 17037 | 4959877 | 4976914 | 4971160 | 5754 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 34 | 53040 |
| കർഷകതൊഴിലാളി പെൻഷൻ | 316 | 1243800 |
| വിധവാ പെൻഷൻ | 937 | 3292200 |
| വാർദ്ധക്യകാല പെൻഷൻ | 1627 | 5705400 |
| വികലാംഗ പെൻഷൻ | 282 | 973500 |
| അവിവാഹിത പെൻഷൻ | 63 | 223200 |
| വിവാഹ ധനസഹായം | 10 | 300000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-4-2022 ന് 11.33 Am സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,597 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല.

## 1-10 ഗ്രാമ സഭ

2019-20 വർഷം ഗ്രാമ പഞ്ചായത്തിലെ പതിനഞ്ച് വാർഡുകളിലും 9/2019, 2/2020 എന്നീ മാസങ്ങളിലായി രണ്ട് തവണയാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. 9/2019 ലെ പ്രധാന അജണ്ട വരവ് ചെലവ് കണക്ക് അവതരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ എന്നീ വിഷയങ്ങളിലും 2/2020 ലെ പ്രധാന അജണ്ട 2020-21 വാർഷിക പദ്ധതി രൂപീകരണം, 2019-20 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക സാധൂകരണം, പ്ലാസ്റ്റിക്ക് നിർമാർജ്ജനം, ആവാസ് പ്ലസ് - PMAY- SECC ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ എന്നിവയായിരുന്നു. ഗ്രാമസഭാ മിനുട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 ആസ്തി സംരക്ഷണം

29-01-2018 ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ)11/2018/തസ്വഭവ ഖണ്ഡിക 6.7 പ്രകാരം ആസ്തി സംരക്ഷണം സംബന്ധിച്ച് ചുവടെ പരാമർശിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.
2. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.
4. 08.11.2018ൽ പഞ്ചായത്ത് ഡയറക്ടറുടെ സി.2/15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ് / വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
5. ആസ്തി ഉപയോഗം സംബന്ധിച്ചുള്ള വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടില്ല.
6. പരിശോധനക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങൾ, ഫർണിച്ചർ, വാഹനങ്ങൾ മുതലായ ആസ്തികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചത്.

## 1-12 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു

2019-20 വർഷത്തെ ഡേ ബുക്കും സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റും പരിശോധിച്ചതിൽ പ്രകാരം രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലും ടി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചിട്ടുണ്ട്.

| ക്രമ നം | റദ്ദാക്കിയ രസീത് നമ്പർ /തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ വസ്തു നികുതി |
|---|---|---|---|---|
| 1 | 119020100419<br>27/05/2019 | 1/325 A | നെല്ലിക്ക രജീഷൻ | 281 |
| 2 | 119020101706<br>19/09/2019 | 8/394 | കെ.കെ. മോഹൻദാസ്, മാനേജിംഗ് ഡയറക്ടർ, കെ.കെ. ലെഷേർസ് ആൻറ് ടൂറിസം ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് | 19137 |
| 3 | 119060100236<br>31-10-2019 | 9/94 | വെട്ടുകല്ലാം കുഴിയിൽ വിൻസൻ അബ്രഹാം | 206 |

| | | | | |
|---|---|---|---|---|
| 4 | 119060100427<br>15/11/2019 | 7/333 B | ഗണപതിയാടൻ ബിജേഷ് | 369 |
| 5 | 119060101807<br>05/02/2020 | 11/270 D | പ്രസിഡണ്ട്, മുഴക്കുന്ന് ജുമാ മസ്ജിദ് ആൻറ് മുനവിറുൽ ഇസ്ലാം മദ്രസ മാനേജിംഗ് കമ്മിറ്റി | 469 |
| 6 | 119060103082<br>29/02/2020 | 8/394 A | കെ.കെ. മോഹൻദാസ് | 19865 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/29-4-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമാവാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടുണ്ടെങ്കിൽ നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകങ്ങൾ

1. 2019-20 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | വിൽസൺ സി ഫ്രാൻസിസ് | 7/26 | മെഡിക്കൽ ബയോ ലാബ് | 2 |
| 2 | ടി എഫ് സെബാസ്റ്റ്യൻ | 13/444 | വെറൈറ്റി സ്റ്റോർ | 4 |
| 3 | പ്രഭുജ എം | 13/437,439 | പി കെ ഗാർമെന്റ്സ് &റെഡിമെയ്ഡ്സ് | 3 |
| 4 | ഡോ . ആൽവിൻ ജയിംസ് | 7/27 | അപ്പോളോ ദന്തൽ കെയർ | 2 |
| 5 | പി പ്രേമരാജൻ | ലഭ്യമല്ല | സന്തോഷം വെഡിംഗ് സെന്റർ | 2 |
| 6 | സെക്രട്ടറി, ഇരിട്ടി കോ ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ സൊസൈറ്റി | 7/491A,B | സഹകാരി ബിൽഡിംഗ് മെറ്റീരിയൽസ് | 4 |
| 7 | എം ഹംസ ഹാജി | 15/284 | ഹംസ ഹാജീ ഗോഡൗൺ | 5 |
| 8 | ചെയർമാൻ, ഇരിട്ടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി | 2/383 A | ഇരിട്ടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി | 3 |
| 9 | ശ്രീദീപ് സുരേന്ദ്രൻ | 8/414G | പെട്രോൾ,ഡീസൽ പമ്പ് | 8 |
| 10 | വേണുഗോപാലൻ കെ | 13/420 K L M | മുദ്ര സൂപ്പർമാർക്കറ്റ് | 4 |
| 11 | ഉസ്സാൻ ടി കെ | 11/261 | ടി കെ സോമിൽ | 7 |

2. ദേവസ്വം ബോർഡിനു കീഴിലുള്ള മുഴക്കുന്ന് മൃദംഗശൈലശേരി ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

3. 2019-20സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ, ഗ്രാമ പഞ്ചായത്ത് 2019-20 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാർ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

4. Profession Tax- Traders രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 എഫ് ടി ഇ & ഒ എസ് ലൈസൻസ്-സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

2018-19 കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം 342 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2019-20 വർഷത്തെ രജിസ്റ്റർ പ്രകാരം ആകെ 300 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചു കാണുന്നത്. ആയതിൽ 81 സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. മുൻ വർഷം ലൈസൻസ് എടുത്ത 219 സ്ഥാപനങ്ങൾ മാത്രമാണ് 2019-20 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കി 93 സ്ഥാപനങ്ങളെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/21-4-22), കോവിഡ് കാരണം സ്ഥാപനം അടച്ചു പൂട്ടിയതിനാലാണ് ഡിമാന്റിൽ കുറവുണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഒരു സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷാവസാനത്തിന്റെ 30 ദിവസത്തിനുള്ളിൽ എടുക്കേണ്ടതിനാലും 2019-20 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾക്ക് കോവിഡ് സാരമായി ബാധിച്ചിട്ടില്ലാത്തതിനാലും മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. സ്ഥാപനത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെന്ന സ്ഥാപന ഉടമയുടെ അപേക്ഷയോ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ ഇല്ലാതെയാണ് സ്ഥാപനത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. മുൻവർഷം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഇപ്രകാരം ശുപാർശ ചെയ്തിട്ടില്ല. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ്എഫ് ടി ഇ & ഒ എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല

8-9-2013-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാനും ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം 2019-20 വർഷം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീയിനത്തിലെ തുക ₹11433 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കുവാനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ. വിഹിതം നൽകൽ-വിനിയോഗവിവരങ്ങൾ ഇല്ല

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education : Merging The Centrally Sponsored Schemes Of SSA,

RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി 25-1-2018 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഹെഡ് മാസ്റ്റർ, മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം നൽകൽ" പ്രൊജക്ട് പ്രകാരം കണ്ണൂർ ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ യുടെ അക്കൗണ്ടിലേക്ക് ₹500000 ബിൽ നമ്പർ & തിയതി 19220552013000605875/24.09.19 പ്രകാരം കൈമാറിയിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂളിലെ പ്രധാന അധ്യാപകരിൽ നിന്നും 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിൽ SSA നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ.

2. SSA ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / നിർമ്മാണ / പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

മുകളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/26-04-20222ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. SSK ക്ക് കൈമാറിയ തുകയുടെ വിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 IKM ന് തുക നൽകൽ - കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 10/20 IKM ന് തുക നൽകൽ |
| വകയിരുത്തിയ തുക | ₹65,000 വികസന ഫണ്ട് |
| ചെലവ് തുക | ₹65,000 ബിൽ നമ്പർ : 10/19-20/20-9-2019 |

IKM ന് തുക നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹65,000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-18 തേനീച്ച വളർത്തൽ അപാകങ്ങൾ ₹26400 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 32/20 തേനീച്ച വളർത്തൽ |
| അടങ്കൽ | ₹60000 വികസന ഫണ്ട്<br>₹40000 ഗുണഭോക്തൃവിഹിതം<br>ആകെ : 1,00,000 |
| ചെലവ് | ₹26400<br>ബിൽ നമ്പർ / തീയ്യതി : 19220552014201400205/28.02.20 |

തേനീച്ച വളർത്തൽ എന്ന മേൽ പ്രോജക്ട് പ്രകാരം ഒരാൾക്ക് 2 യൂണിറ്റ് തേനീച്ചക്കൂട് വീതം 22 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ റൂറൽ ഡവലപ്മെന്റ് സൊസൈറ്റിയിൽ നിന്നാണ് തേനീച്ചക്കൂടുകൾ വാങ്ങിയത്.പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/27-04-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. തേനീച്ച വളർത്തലിന് ഗുണഭോക്താവിന് പരിശീലനം നൽകണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ മേൽപദ്ധതിയുടെ 22 ഗുണഭോക്താക്കൾക്ക് തേനീച്ച വളർത്തലിൽ പരിശീലനം നൽകിയതിന്റെ രേഖകൾ

ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
2. തേനീച്ചക്കൂട് ലഭിച്ച ഗുണഭോക്താക്കൾ തേനീച്ചക്കൃഷി വിജയകരമായി നടത്തിയിട്ടുണ്ടോ എന്ന് കൃഷി ഓഫീസർ പരിശോധിച്ചുറപ്പുവരുത്തിയിട്ടില്ല.
3. പ്രോജക്ട് ബന്ധപ്പെട്ട മോണിട്ടറിങ് സമിതിയുടെ മോണിട്ടറിങിന് വിധേയമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ കാരണം ചെലവ് തുകയായ ₹26400 തടസ്സപ്പെടുത്തുന്നു.

## 1-19 കുള്ളൻ തെങ്ങിൻ തൈ വിതരണം -അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 144/20 കുള്ളൻ തെങ്ങിൻ തൈ വിതരണം |
| അടങ്കൽ<br><br>ആകെ | ₹99750 വികസന ഫണ്ട്<br>₹33250 ഗുണഭോക്തൃവിഹിതം<br>₹133000 |
| ചെലവ്<br><br><br>ആകെ | ₹69300 ബിൽ നമ്പർ / തീയ്യതി : 19220552014200844585/20.11.19<br>₹23625 ഗുണഭോക്തൃവിഹിതം<br>₹92925 |

കുള്ളൻ തെങ്ങിൻ തൈ വിതരണം എന്ന മേൽ പ്രോജക്ട് പ്രകാരം Malanad Agri Horti And Medicinal Plants Nursary, Vallithode എന്ന സ്ഥാപനത്തിൽ നിന്ന് 315 തൈകൾ വാങ്ങിയിട്ടുണ്ട്. രജിസ്റ്ററിൽ 157 പേർക്ക് വിതരണം ചെയ്തതായാണ് കാണുന്നത്. ഒരാൾക്ക് എത്ര വീതം തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമല്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/27-04-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണവിവരങ്ങളും മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-20 കൃഷി-വിതരണ രേഖകളില്ല - ₹95500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 82/20<br>നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 130/20<br>കവുങ്ങിൻ തൈ വിതരണം |
| അടങ്കൽ | ₹35000<br>വികസന ഫണ്ട് – ജനറൽ | ₹94000<br>വികസന ഫണ്ട് – ജനറൽ |
| | ₹163500<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹30000 മറ്റുള്ളവ |
| | ആകെ : ₹198500 | ആകെ : ₹124000 |
| ചെലവ് | ₹28000<br>വികസന ഫണ്ട് – ജനറൽ | ₹68174<br>വികസന ഫണ്ട് – ജനറൽ |
| ബിൽ നമ്പർ/തീയതി | 19220552014200808258/12.11.19/<br>₹28000 | 19220552014200808290/16.11.19/<br>₹67,500<br>19220552014200808342/12.11.19/<br>₹674 |

1. നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം സ്റ്റേറ്റ് സീഡ് ഫാം കാങ്കോലിൽ നിന്ന് ₹28,000/- ചെലവഴിച്ച് 700 കി.ഗ്രാം നെൽവിത്ത് വാങ്ങിയിട്ടുണ്ട്. ഇവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല
2. കവുങ്ങിൻ തൈ വിതരണം എന്ന പ്രോജക്ട് പ്രകാരം ₹67,500 യ്ക്ക് 3000 തൈകൾ ആറളം ഫാമിങ് കോർപറേഷനിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹95500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 22/20 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 200000 – വികസന ഫണ്ട്<br>600000 – ഗുണഭോക്തൃ വിഹിതം<br>ആകെ 800000 |
| ചെലവ് | ₹200000 |
| ബിൽ നമ്പർ | 04/19-20/03-07-2020 |

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം ₹200000 SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. SLBP പദ്ധതിയിൽ ഉൾപ്പെടുത്തി 32 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മുഴക്കുന്ന് ക്ഷീരസഹായ സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രവർത്തനം തുടർച്ചയായ മോണിറ്ററിങ്ങിന് വിധേയമാക്കേണ്ടതും വിനിയോഗിക്കാതെ ബാക്കിയാകുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-22 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ/സ്പോർട്സ് കിറ്റ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹40,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1. 14/20 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 14/20 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് |
| വകയിരുത്തിയ തുക | ₹20,000 വികസന ഫണ്ട് |
| ചെലവ് തുക | ₹20,000 ബിൽ നമ്പർ : 24/19-20/28-2-2020 |

കലാ കായിക പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ട് പ്രകാരം ഒരു യൂണിറ്റിന് ₹4000 പ്രകാരം 5 യൂണിറ്റിന് ₹20000 നൽകുന്നതിനാണ് ₹20,000 ചെലവഴിച്ചിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിച്ച് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട് പ്രകാരം പറഞ്ഞിട്ടുള്ളത്. കാക്കയങ്ങാടുള്ള സിയ സൂപ്പർ ഷോപ്പിന്റെ തീയ്യതി രേഖപ്പെടുത്താത്ത 925-ാം നമ്പർ കാഷ് ബിൽ പ്രകാരം താഴെപ്പറയുന്ന സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്പോർട്സ് ഉപകരണം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | വോളി ബോൾ | ₹1000 | 12 | 12000 |
| 2 | ഫുട്ബോൾ | ₹1000 | 4 എണ്ണം | 4000 |
| 3 | വോളിബോൾ നെറ്റ് | ₹1000 | 4 എണ്ണം | 4000 |

മേൽ പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം, കലാ കായിക പ്രവർത്തനം നടത്തുന്ന ഏതൊക്കെ ക്ലബ്ബുകൾക്കാണ് സ്പോർട്സ് ഉപകരണങ്ങൾ നൽകിയത് എന്ന വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 19/28-4-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അയതിനാൽ ₹20,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. 138/20 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് ( സ്പിൽ ഓവർ)

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് തുക | വൗച്ചർ നമ്പർ / തീയ്യതി |
|---|---|---|---|
| 138/20 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്- (സ്പിൽ ഓവർ) | ₹40000 വികസന ഫണ്ട് | ₹20000 | പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |

മേൽ പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ₹20000 യുടെ വൗച്ചർ/ബിൽ, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം, ഏതൊക്കെ ക്ലബ്ബുകൾക്കാണ് സ്പോർട്സ് കിറ്റ് നൽകിയത് എന്ന വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 19/28-04-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അയതിനാൽ ₹20,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഡെസ്ക് ടോപ് കംപ്യൂട്ടർ-കെൽട്രോണിന് അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 190/20<br>എൽ.എസ്.ജി.ഡി സെക്ഷനിൽ കംപ്യൂട്ടർ, പ്രിന്റർ, യു.പി.എസ് |
| അടങ്കൽ | ₹100000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹89060<br>ബിൽ നമ്പർ & തീയ്യതി 19220552014000744252/21.10.19 |

എൽ.എസ്.ജി.ഡി സെക്ഷനിൽ കംപ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും എൽ.എസ്.ജി.ഡി സെക്ഷനിലേക്ക് ഒരു പ്രിന്റർ, രണ്ട് ഡെസ്ക് ടോപ് കംപ്യൂട്ടർ എന്നിവ വാങ്ങിയിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സ് നമ്പർ TVM/ITGB/PI/RC/8731/17-18 തീയ്യതി 27-08-19 പ്രകാരമുള്ള രണ്ട് ഡെസ്ക് ടോപ് കംപ്യൂട്ടറിന്റെ വിലയായ ₹78884 യും പ്രോഫോർമ ഇൻവോയ്സ് നമ്പർ TVM/ITGB/PI/RC/9326/17-18 തീയ്യതി 25-09-19 പ്രകാരമുള്ള ഒരു പ്രിന്ററിന്റെ വിലയായ ₹10176 യും ഉൾപ്പെടെ ആകെ ₹89060 യാണ് കെൽട്രോണിന് കൈമാറിയത്. എന്നാൽ 18.12.20ലെ കെൽട്രോൺ ടാക്സ് ഇൻവോയ്സ് പ്രകാരം ((Acer)PYSI 20007687/06.04.20) ലഭ്യമാക്കിയ രണ്ട് കംപ്യൂട്ടറിന്റെ വില ₹75213 യും പ്രിന്ററിന്റെ വില ₹9702 യും (LENOVO TAX INVOICE NoRV200105006181/30.09.20) ആണ് (ആകെ ₹84915). ₹4145 (89060-84915) കെൽട്രോണിന് അധികം നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/28-04-22 ന് മറുപടിയായി സപ്ലൈ ചെയ്ത ഉപകരണങ്ങൾ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ളതല്ല എന്നത് ശ്രദ്ധയിൽപെട്ടിരുന്നില്ലെന്നും അധിക തുക ₹4145 കെൽട്രോണിൽ നിന്നും തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയത് തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 ലാപ് ടോപ് വിതരണം അപാകം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് വിളക്കോട് |
| പ്രോജക്ടിന്റെ നമ്പർ / പേര് | 193/20<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം |
| അടങ്കൽ | ₹9000 വികസന ഫണ്ട്(എസ്.സി.പി)<br>₹141000 തനത് ഫണ്ട് |

| | |
|---|---|
| ആകെ | ₹150000 |
| ചെലവ്<br><br><br>ആകെ | ₹9000<br>ബിൽ നമ്പർ&തീയ്യതി 1922055201300147964 5/12.03.20<br>₹129610 ചെക്ക് നമ്പർ 5907512/16.03.20<br>₹138610 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം എന്ന മേൽ പ്രോജക്റ്റ് പ്രകാരം കെൽട്രോണിൽ നിന്ന് 5 ലാപ് ടോപുകൾ വാങ്ങിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

1. ആര്യ. കെ.പി
2. അശ്വിൻ. ഏ.പി
3. സ്നേഹ. എ.പി
4. ജിഷ്ണ. കെ
5. മനീഷ്. കെ.എം

മേൽ ഗുണഭോക്താക്കളിൽ മനീഷ് കെ.എം എന്ന വിദ്യാർത്ഥി ഗവ. ഐ.ടി.ഐ പേരാവൂരിൽ നിന്നും ജൂലൈ 2020ന് പഠനം പൂർത്തിയാക്കി. മറ്റൊരു ഗുണഭോക്താവായ ജിഷ്ണ കെ 2019-20 അധ്യയന വർഷത്തിൽ ബിരുദപഠനം പൂർത്തിയാക്കിയിട്ടുണ്ട്. ലാപ് ടോപ് 10-02-2021 ന് മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ പഠനം അവസാനിച്ച് ഒരു വർഷം കഴിയാറായപ്പോഴാണ് ലാപ് ടോപ് വിതരണം ചെയ്തിരിക്കുന്നത്. ഇത്രയും വൈകി ആനുകൂല്യം ലഭ്യമാക്കിയതിനാൽ പദ്ധതിയുടെ യഥാർത്ഥ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. കോവിഡ് കാലമായതിനാലാണ് വിതരണത്തിൽ കാലതാമസം നേരിട്ടതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/27-04-22ന് മറുപടി ലഭ്യമാക്കിയത്. ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന വിധത്തിൽ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പട്ടികജാതി ജാതി പട്ടിക വർഗ്ഗ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചില്ല

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി 7 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ 3 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ₹1393700 ആകെ അടങ്കൽ വച്ചെങ്കിലും ₹128980 മാത്രമാണ് ചെലവഴിക്കാനായത്. പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടിന്റെ ഇനം തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി | 81750 | 8280 | 10.13 |
| വികസന ഫണ്ട് ടി.എസ്.പി | 561950 | 120700 | 21.48 |
| ആകെ | 643700 | 128980 | 20.04 |

പട്ടികജാതി ജാതി പട്ടിക വർഗ്ഗ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/27.04.22 ന് ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാലും വേണ്ടത്ര ഗുണഭോക്താക്കളില്ലാത്തതിനാലുമാണ് പദ്ധതി നിർവ്വഹണത്തിൽ പുരോഗതി ഇല്ലാതിരുന്നത് എന്ന മറുപടിയാണ് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയത്. അപാകങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം ഊർജ്ജിതമാക്കാൻ ശ്രമങ്ങളുണ്ടാവേണ്ടതാണ്.

## 1-26 പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്ന് വാങ്ങുന്നില്ല

സർക്കുലർ നമ്പർ 38156/ഡി.എ.2/2012 ത.സ്വ.ഭ.വ 05.09.12 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിന് മുൻഗണന നൽകണം. ബുക്ക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറത്ത് നിന്നു വാങ്ങാവൂ. സ.ഉ (സാധാ)നമ്പർ1160/2019/ത.സ്വ.ഭ.വ തീയ്യതി 05.06.2019 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവയ്ക്ക് പുറമേ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. 2019-20ൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രന്ഥാലയങ്ങൾക്ക് പുസ്തകം വാങ്ങൽ (പ്രോജക്ട് നമ്പർ 76), സമഗ്രവിദ്യാഭ്യാസം (പ്രോജക്ട് നമ്പർ 119) എന്നീ പ്രോജക്ടുകൾ പ്രകാരം പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത് കറന്റ് ബുക്സിൽ നിന്നും ചിന്ത പബ്ലിഷേഴ്സിൽ നിന്നുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വാങ്ങലുകൾ

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ-സുതാര്യത ഉറപ്പുവരുത്തിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് വിളക്കോട് |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 75/20<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ |
| അടങ്കൽ | ₹72000 വികസന ഫണ്ട്(ടി.എസ്.പി) |
| ചെലവ് | ₹32610<br>ബിൽ നമ്പർ&തീയ്യതി 19220552013000777475/05.11.19<br>₹39335<br>ബിൽ നമ്പർ&തീയ്യതി 19220552013001336530/25.02.20<br>ആകെ ₹71945 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം പ്രഭാത ഭക്ഷണ വിതരണത്തിനായി ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞതുക ക്വാട്ട് ചെയ്ത (ഒരു വിദ്യാർത്ഥിക്ക് ഒരു ദിവസം ₹16 നിരക്കിൽ) വ്യക്തിയുടെ ക്വട്ടേഷൻ സ്വീകരിച്ച് പ്രോജക്റ്റ് നടപ്പാക്കുകയുമാണ് ചെയ്തത്. മുകളിൽ കൊടുത്ത ബില്ലുകൾ പ്രകാരം ആകെ ₹71945 ഭക്ഷണവിതരണം ചെയ്ത വകയിൽ ക്വട്ടേഷൻ സ്വീകരിച്ച വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഏത് തരം ഭക്ഷണസാധനങ്ങളാണ് വിതരണം ചെയ്തതെന്ന വിവരം ഫയലിൽ ലഭ്യമല്ല. ഫയലിൽ ലഭ്യമാക്കിയ പട്ടികയിൽ പറഞ്ഞിരിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥത്തിൽ ഭക്ഷണം വിതരണം ചെയ്തതായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ ചെലവഴിച്ച തുക ഉദ്ദേശിച്ച ഫലം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ അതിന്റെ സുതാര്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിപ്പണം പാഴായിപ്പോകുന്നില്ലെന്നും പ്രോജക്റ്റുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-28 ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകൽ - തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാകാത്തതിനാൽ ₹7750യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡെപ്പോസിറ്റ് തുകകൾ തിരികെ ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുക തിരികെ അനുവദിച്ചിട്ടുണ്ടെങ്കിലും അപേക്ഷകർ തുക കൈപ്പറ്റിയതായുള്ള രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 21/28-4-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹7750യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ /തീയ്യതി | ഡെപ്പോസിറ്റ് തുക ₹ | അപേക്ഷകന്റെ പേര് |
|---|---|---|---|
| 1 | 21900265/24-7-2019 | 6750 | നൌഷാദ്. പി. പി. |
| 2 | 21900264/24-7-2019 | 1000 | ഈരടത്ത് ഹമീദ് |
| | ആകെ | 7750 | |

ഡെപ്പോസിറ്റ് കൈപ്പറ്റിയ രശീതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 അസിസ്റ്റന്റ് എഞ്ചിനീയർ -ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

1. ജി ഒ (പി) 177/2006 തി 12.04.2006 ലെ ഖ. 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്റർ (അനുബന്ധംIV) സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് ഫണ്ട് വിവരങ്ങൾ എഴുതുന്നതിനായി ഒരു ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള ടി ആർ 7 എ ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. മുഴുവൻ വരവ് ചെലവുകളും ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2.കരാറുകാരിൽ നിന്നും ജാമ്യ നിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ചു നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള

പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഖ-15.6.1) എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3. എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-30 പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്യുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ യഥാവിധി മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരം പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിറ്ററിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് ഉടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട്, പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സമിതി ആയി വർത്തിച്ച് പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 1-31 മരാമത്ത് പ്രോജക്ടുകൾ അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷത്തിൽ 94 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നു. ഇതിൽ 34 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| 2019-20 വർഷം | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയത് | നടപ്പാക്കാത്തത് |
|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 55 | 14 | 41 |
| സ്പിൽഓവർ പ്രോജക്ടുകൾ | 39 | 20 | 19 |

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 39 സ്പിൽഓവർ പ്രോജക്ടുകളിൽ 19 എണ്ണം തൻവർഷവും നടപ്പാക്കിയിട്ടില്ല.

സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളിലെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെ പോരായ്മകൾ കാരണമാണ് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2019-20 | 25-04-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 626/2022<br>തീയതി: 01.06.2022. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ/പേര് | ചെല വഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 1018400 | 2019-20 | 123/20<br>ലൈഫ് മിഷൻ പദ്ധതി ഭവന നിർമ്മാണം (പൊതു വിഭാഗം) | 1018400 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 700000 | 2019-20 | 158/20<br>ആധുനിക രീതിയിലുള്ള വാതക ശ്മശാന നിർമ്മാണം | 700000 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 106806 | 2019-20 | 23/20<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 106806 | ഇല്ല |
| 4 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 150000 | 2019-20 | 4/20<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത/ സ്കോളർഷിപ്പ് | 150000 | ഇല്ല |
| | ആകെ | 1975206 | | | 1975206 | |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 300000 | 2019-20 | 158/20<br>ആധുനിക രീതിയിലുള്ള വാതക ശ്മശാന നിർമ്മാണം | 300000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 271534 | 2019-20 | 23/20 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 271534 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 150000 | 2019-20 | 4/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത/ സ്കോളർഷിപ്പ് | 150000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2711400 | 2019-20 | 146/20 ലൈഫ് മിഷൻ പദ്ധതി ഭവന നിർമ്മാണം ജനറൽ | 2711400 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 160000 | 2019-20 | 147/20 ലൈഫ് മിഷൻ പദ്ധതി ഭവന നിർമ്മാണം പട്ടിക വർഗ്ഗം | 160000 | ഇല്ല |
| | ആകെ | 3592934 | | | 3592934 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹48,63,473 വരവുണ്ട്. മുൻബാക്കി ₹12356527യടക്കം ₹1,72,20,000 യിൽ തൻവർഷം ₹1279412 തിരിച്ചടച്ചിട്ടുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | GO. (RT) No.688/2019/ ത.സ്വ.ഭ.വ/ 22-3-2019 | 2,46,40,000 | 12356527 (+) 4863473 (തൻ വർഷം ലഭിച്ച വായ്പ) | 12,79,412 | - | 1,59,40,588 |

* ജി.ഒ പ്രോജക്ട് പ്രകാരം വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി എന്നിവയിൽ നിന്നും 2019-20 ൽതിരിച്ചടച്ച KURDFC ലോൺ തുകയായ ₹1279412 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ സംബന്ധിച്ചുള്ള യഥാർത്ഥ വിവരം വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. B-5 ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടക്കാൻ ബാക്കി ₹12663473 എന്നാണുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 5015010 |
| തൻവർഷം നിക്ഷേപിച്ചത് | 426164 |
| ആകെ | 5441174 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 5441174 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | പേരാവൂർ റീജിയണൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കാക്കയങ്ങാട് ബ്രാഞ്ച് FD നമ്പർ 104140010004774/30-3-2020 | 30-3-2021 | 5426164 |
| 2 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4479/29-9-2015 | - | 10000 |
| 3 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ( ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല) | - | 5010 |
| | ആകെ | | 5441174 |

* സ്ഥിര നിക്ഷേപത്തിന്റെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 12 | 2002-03 | 3.13.17 | സമഗ്ര വയൽ കൃഷി വികസനം സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 12 | 2003-04 | 3.13.17 | മാർഗ്ഗ നിർദ്ദേശ രേഖയിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | കംപ്യൂട്ടർ പരിശീലനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 51302855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 47421468 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 169650 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-18 | 26400 | ശ്രീമതി. രാജേഷ് കൃഷ്ണൻ. ആർ. കെ, കൃഷി ഓഫീസർ |
| 1-20 | 95500 | ശ്രീമതി. രാജേഷ് കൃഷ്ണൻ. ആർ. കെ, കൃഷി ഓഫീസർ |
| 1-22 | 40000 | ശ്രീ. സുരേഷ്ബാബു. കെ, സെക്രട്ടറി |
| 1-28 | 7750 | ശ്രീ. സുരേഷ്ബാബു. കെ, സെക്രട്ടറി |
| ആകെ | 169650 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാജേഷ് കൃഷ്ണൻ. ആർ. കെ. കൃഷി ഓഫീസർ | ഐ ടി സെൽ ഓഫീസ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ വികാസ് ഭവൻ തിരുവന്തപുരം | രോഹിണി കൃഷ്ണ ഹൗസ് തിരുവനന്തപുരം |
| ശ്രീ. സുരേഷ്ബാബു. കെ, സെക്രട്ടറി | സെക്രട്ടറി, പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് | ചാന്ദിനി, പയഞ്ചേരി ഇരിട്ടി, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2010-11 & 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 4 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.11/2121/18 തീയ്യതി 12-2-2019 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.11/405/ 2020(1) തീയ്യതി29-1-2021 | 28 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT AND PAYMENT STATEMENT

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| Muzhakkunnu Grama Panchayat<br>Receipt and Payment Statement | | | |
| for the period from 01.04.2019 to 31.03.2020 | | | |
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 25782312<br>101643 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 854290 |
| 140000000 | Fees & User Charges | RP-4 | 417000 |
| 150000000 | Sale & Hire Charges | RP-5 | 94512 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 27876571 |
| 171000000 | Interest Earned | RP-9 | 341159 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3829031 |
| 350000000 | Other Liabilities | RP-36 | 1086055 |
| Non operating | | | |
| 180000000 | Other Income | RP-10 | 47272 |
| 311000000 | Earmarked Fund | RP-29 | 2565 |
| 330000000 | Secured Loans | RP-32 | 12663473 |
| 340000000 | Deposits Received | RP-34 | 288250 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 252821 |
| 431000000 | Sundry Debtors (Receivables) | RP-43 | 3355190 |
| 460000000 | Loans, Advances and Deposits | RP-47 | 194666 |
| Grand Total | | | 77186810 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2362521 |
| 220000000 | Administrative Expenses | RP-12 | 812401 |
| 230000000 | Operations & Maintenance | RP-13 | 687125 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 1742728 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23485020 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 391178 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1838498 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 594354 |
| 255000000 | Maintance Projects | RP-20 | 3037953 |
| 256000000 | Other Revenue Grants and Funds -Revenue Expenses | RP-21 | 1000000 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 38000 |
| 280000000 | Prior Period Item | RP-26 | -6881 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 47360 |

| | | | |
|---|---|---|---|
| 350000000 | Othes Liabilities | RP-36 | 4496981 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 77699 |
| 340000000 | Deposits Received | RP-34 | 233936 |
| 350000000 | Other Liabilities | RP-36 | 1576490 |
| 410000000 | Fixed Assets | RP-38 | 4184548 |
| 460000000 | Loans, Advances and Deposits | RP-47 | 821557 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 29724969<br>40373 |
| Grand Total | | | 77186810 |

## അനുബന്ധം 4

## INCOME AND EXPENDITURE STATEMENT

| Muzhakkunnu Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| for the period from 01.04.2019 to 31.03.2020 | | | |
| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3960750 |
| 130000000 | Rental Income from Panchayat Properties | I-3 | 106074 |
| 140000000 | Fees & User Charges | I-4(b) | 1033500 |
| 150000000 | Sale & Hire Charges | I-5(b) | 175862 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 55922005 |
| 170000000 | Income from Investments | I-7 | 425000 |
| 171000000 | Interest Earned | I-8 | 340969 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 47272 |
| A | Total Income | | 62011432 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8272839 |
| 220000000 | Administrative Expenses | I-11(b) | 812401 |
| 230000000 | Operations & Maintenance | I-12(b) | 687125 |
| 240000000 | Interest & Finance Charges | I-13 | 77699 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 1742728 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15699252 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 391178 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1838498 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 12032454 |
| 255000000 | Maintance Projects | I-14(e) | 3037953 |
| 256000000 | Other Revenue Grants and Funds – Revenue Expenses | I-15(a) | 1000000 |
| 260000000 | Grants, Contributions &Compensations from Own Fund | I-15 | 38000 |
| 272000000 | Depreciation | I-17(a) | 4304133 |
| B | Total Expenditure | | 49934260 |
| C=A-B | Gross Surplus / Defict Income over Expenditure | | 12077172 |
| D= 280000000 | Prior Period Item | I-18 | 51117 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 12026055 |

| | | | |
|---|---|---|---|
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം 5
## BALANCE SHEET

| Muzhakkunu Grama Panchayat<br>BALANCE SHEET AS ON 31.03.2020 | | | |
|---|---|---|---|
| Code No | Description of Items | Schedule | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 17252105.25 |
| 311000000 | Earmarked Funds | B-2 | 91888 |
| 312000000 | Reserves | B-3 | 64334186 |
| | Total Reserve & Surplus | | 81678179.25 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3709759 |
| | Total Grants,Contribution for specific purposes | | 3709759 |
| | Loans | | |
| 330000000 | Secured Loans | B-5 | 12663473 |
| | Total Loans | | 12663473 |
| | Current Liabilities and Provision s | | |
| 340000000 | Deposits Received | B-7 | 532359 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 4122034.75 |
| | Total Current Liabilities and Provisions | | 4654393.75 |
| | TOTAL LIABILITIES | | 102705805 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 76789686 |
| 411000000 | Accumulated Depreciation | B-11 | -23862242 |
| 412000000 | Capital Work In Progress | B-11(a) | 400000 |
| | Total Fixed Assets | | 53327444 |
| | Investments | | |
| 420000000 | Investments | B-12 | 5440010 |
| | Total Investments | | 5440010 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 578320 |
| 440000000 | Pre-paid Expences | B-16 | 12663473 |
| 450000000 | Cash and Bank balance | B-17 | 29765342 |
| 460000000 | Loans, Advances and Deposits | B-18 | 931216 |
| | Total Current Assets,Loans and Advances | | 43938351 |
| | TOTAL ASSETS | | 102705805 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ